LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചത് 8-12-2009-ലെ സ.ഉ.(കൈ) നമ്പർ 210/2009/സഹ. നമ്പർ ഉത്തരവ് പ്രകാരം 1-4-2007 മുതൽ പ്രാബല്യത്തിലാണ്. ഇത് പ്രകാരം 5 വർഷം പൂർത്തിയാക്കുന്ന 31-3-2012-ൽ ശമ്പള പരിഷ്കരണ കാലാവധി അവസാനിച്ചിട്ടുണ്ട്.

സർക്കാരിന്റെ 15-11-2012-ലെ സ.ഉ.(സാധാ.) നമ്പർ 643/2012/സഹ. നമ്പർ ഉത്തരവ് പ്രകാരം ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ജില്ലാ ബാങ്ക് ജീവനക്കാരുടെ ക്ഷാമബത്തയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ നിലനിന്നിരുന്ന റിട്ട് പെറ്റീഷനുകളിന്മേൽ പുറപ്പെടുവിക്കേണ്ടിയിരുന്ന വിധിന്യായവും കൂടി ശമ്പള പരിഷ്കരണ തീരുമാനം കൈക്കൊള്ളുന്നതിന് പരിഗണിക്കേണ്ടിയിരുന്നതിനാലും ജില്ലാ ബാങ്കുകളുടെ നിലവിലുള്ള സാമ്പത്തിക സ്ഥിതി പഠന വിധേയമാക്കേണ്ടതായി വന്നതിനാലുമാണ് ശമ്പള പരിഷ്കരണം വൈകുന്നതിനിടയായത്. ശമ്പളം അടിയന്തരമായി പരിഷ്കരിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ പരിശോധിച്ച് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

കൊച്ചി മെട്രോ പദ്ധതിക്ക് എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ

89 (435) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ പദ്ധതിക്ക് എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും എന്തു തുക വായ്പയെടുക്കാൻ തീരുമാനിച്ചിട്ടുണ്ട് ; ഇതിനകം ലഭിച്ച വായ്പ എത്ര ;

(ബി) വായ്പ സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് ; വായ്പയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വായ്പ എത്ര വർഷം കൊണ്ട്, എത്ര നിരക്കിലുള്ള പലിശ സഹിതം തിരിച്ച് നൽകുമെന്നും സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിലുണ്ടാകുന്ന ബാധ്യതകൾ എന്തെല്ലാമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കൊച്ചി മെട്രോ പദ്ധതിക്ക് 470 കോടി രൂപ വായ്പയുള്ള പ്രൊപ്പോസർ കെ.എം.ആർ.എൽ.-ൽനിന്നും എറണാകുളം ജില്ലാ സഹകരണ ബാങ്കിന് ലഭിച്ചിട്ടുണ്ട്.

(ബി&സി) പലിശ നിരക്ക്, വായ്പാ കാലാവധി തുടങ്ങിയ വായ്പാ വ്യവസ്ഥകൾ തീരുമാനിക്കുന്നതിനുള്ള ചർച്ച നടത്തി വരികയാണെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്.

ആശ്വാസ് പദ്ധതി

90 (436) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സഹകരണ മേഖലയിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതികൾ മുഖേന കൈവരിക്കാൻ കഴിഞ്ഞതെന്ന് വിശദമാക്കുമോ ?

ഉത്തരം

ഉണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുക, കൃത്യമായ വായ്പ തിരിച്ചടവ് പ്രോൽസാഹിപ്പിച്ച് സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളാക്കി മാറ്റുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെ സഹകരണ മേഖലയിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ് 2015 നടപ്പിലാക്കിയിട്ടുണ്ട്. 2015 ഫെബ്രുവരി 1 മുതൽ മാർച്ച് 30 വരെയാണ് ഈ പദ്ധതിയുടെ കാലയളവ്. സഹകരണ അദാലത്ത് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിങ്ങനെ രണ്ട് ഘട്ടമായാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 10 ലക്ഷം രൂപാവരെയുള്ള വായ്പകൾ സഹകരണ അദാലത്തിലൂടെയും 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കുടിശ്ശിക വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും അടച്ചുതീർക്കുന്നതിനും മരണപ്പെട്ടവർ, മാരക രോഗങ്ങൾ ബാധിച്ചവർ/മാരക രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ, അവരുടെ ചികിത്സ വായ്പക്കാരന്റെ ബാധ്യതയിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെടുകയും മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന വിദ്യാർത്ഥികൾ/അനാഥർ തുടങ്ങിയവരുടെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ ഈ പദ്ധതിയിലൂടെ നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം 28-2-2015-ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് 1145.536 ലക്ഷം രൂപ പലിശയിനത്തിലും 466.55 ലക്ഷം രൂപ പിഴപ്പലിശയിനത്തിലും ഇളവ് നൽകിയിട്ടുണ്ട്. കൂടാതെ 28-2-2015 വരെ കുടിശ്ശികയായ വായ്പകളിൽ 25126.71 ലക്ഷം രൂപ മുതലിനത്തിലും 7575.16 ലക്ഷം രൂപ പലിശ ഇനത്തിലും ഈടാക്കാനും കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly